**MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION**

*(Under the Holy Apostolic See of Antioch and All the East)* **Reg. No. ER/308/07**

**Circular to All Sunday Schools and Co-workers**
**Website : www.mjssa.in**
**Email : mjssahq@gmail.com**

**M.J.S.S.A. HEAD QUARTERS,**
**Puthencruz P.O., Ernakulam District,**
**Kerala state, Pin - 682 308,**
**Phone : 0484 - 2730150, 80781 57150 (Whatsapp)**
**General Secretary : 97450 46911 (Personal)**


**Circular No.: M/C/01/ 2023**

**15-12-2022**

### കർത്താവിനാൽ അനുഗ്രഹിക്കപ്പെട്ട പ്രിയ സഹപ്രവർത്തകരെ,

ദൈവത്തിന്റെ അളവറ്റ കൃപയാൽ കഴിഞ്ഞുപോയ വർഷങ്ങളിൽ നമ്മെ വഴി നടത്തി അനുഗ്രഹിച്ച ദൈവത്തെ മഹത്വപ്പെടുത്താം. നമ്മുടെ കുഞ്ഞുങ്ങളെ ദൈവഭയമുള്ളവരും വി.സഭയുടെ കാതോലികവും, ശ്ലൈഹികവും, കാനോനികവും, വേദപുസ്തകപരവും, ചരിത്രപരവുമായ സത്യവിശ്വാസം, ആചാരാനുഷ്ഠാനങ്ങൾ, അപ്പൊസ്തലിക പാരമ്പര്യങ്ങൾ എന്നിവയെക്കുറിച്ച് യഥാർത്ഥ ബോധനം നൽകി, സദാചാര്യമൂല്യമുള്ള രാജ്യത്തിന്റെ ഉത്തമ പൗരന്മാരായി വളർത്തിക്കൊണ്ടുവരിക എന്ന ഭാരിച്ച ഉത്തരവാദിത്വമാണ് സൺഡേസ്കൂൾ അദ്ധ്യാപകരായ നമുക്കുള്ളത്. ജീവിതത്തിൽ നല്ല മൂല്യങ്ങൾ ഉണ്ടാകണം. അദ്ധ്യാപകർ വിദ്യാർത്ഥികൾക്ക് മാതൃകയാകണം. ഇതൊരു ദൈവനിയോഗമാണെന്നുള്ള വസ്തുത മനസിലാക്കി ഗൗരവപൂർവ്വം പ്രവർത്തിക്കുവാൻ നാം കടപെട്ടിരിക്കുന്നു. ആയതിനായി കൂട്ടായി പ്രാർത്ഥിക്കാം, പ്രവർത്തിക്കാം. ദൈവത്തിന്റെ സർവ്വനന്മകളും പ്രാപിക്കുവാൻ തക്കവണ്ണം ഭൂമിയിൽ നല്ല മനസ്സുള്ള മനുഷ്യരായി ജീവിക്കുവാനും മറ്റുള്ളവരെ ദൈവത്തിന്റെ സമസൃഷ്ടികളായി കാണുവാനും കരുതുവാനും മനുഷ്യബന്ധങ്ങൾ സുദൃഢമാക്കുവാനും നമുക്കേവർക്കും കഴിയട്ടെ എന്ന് പ്രത്യാശിക്കുന്നു.

### സൺഡേസ്കൂൾ സ്ഥാപകദിനം - ജനുവരി 26

**സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ സ്ഥാപകനായ പരി.പൗലോസ് മോർ അത്താനാസിയോസ് തിരുമേനിയുടെ സ്മരണാർത്ഥം ജനുവരി 26 ഞായറാഴ്ച്ച ആണെങ്കിൽ അന്നോ അതിനു തൊട്ടുമുമ്പു വരുന്ന ഞായറാഴ്ചയോ സൺഡേസ്കൂൾ സ്ഥാപക ദിനമായി ആചരിക്കേണ്ടതും എം.ജെ.എസ്.എസ്.എ. പതാക ബഹു.പള്ളികളിൽ/സൺഡേസ്കൂളുകളിൽ ഉയർത്തേണ്ടതുമാണ്.**

**ഈ വർഷത്തെ പ്രവർത്തനങ്ങൾക്കായ് ചില പ്രധാന നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.**

1. എല്ലാ സർക്കുലറുകളും അദ്ധ്യാപകർക്കു സർക്കുലേറ്റ് ചെയ്യുകയോ അദ്ധ്യാപക യോഗത്തിൽ വായിച്ചു ബോദ്ധ്യപ്പെടുത്തുകയോ ചെയ്യണം. എം.ജെ.എസ്.എസ്.എ. ഭരണഘടന, സർക്കുലർ നിർദ്ദേശങ്ങൾ എന്നിവ കൃത്യമായി പാലിച്ചു പ്രവർത്തനങ്ങൾ ക്രമപ്പെടുത്തേണ്ടതാണ്.
2. 2023 ജനുവരി 8-ാം തീയതി പ്രമോഷൻ നൽകി പ്രാർത്ഥനയോടെ എല്ലാ സൺഡേസ്കൂളുകളും ക്ലാസുകൾ ആരംഭിക്കണം.
3. എല്ലാ ഞായറാഴ്ചകളിലും അദ്ധ്യാപകരും കുട്ടികളും നിർബന്ധമായും വി.കുർബ്ബാനയിൽ ആരംഭം മുതൽ പങ്കെടുക്കണം.
4. സൺഡേസ്കൂൾ അദ്ധ്യാപകരും കുട്ടികളും കഴിവതും വെള്ള വസ്ത്രം ധരിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.
5. സൺഡേസ്കൂളിൽ അദ്ധ്യാപകരുടെ കുറവ് ഉണ്ടെങ്കിൽ ഇടവകയിൽ അതിനു യോഗ്യരായവരേയും പ്ലസ്സ് ടു പഠിച്ച് പാസായിട്ടുള്ള സമർത്ഥരായവരെയും അദ്ധ്യാപകരായി നിയമിക്കാവുന്നതാണ്.
6. സൺഡേസ്കൂൾ പാഠപുസ്തകങ്ങൾ നന്നായി പഠിപ്പിക്കുന്നതോടൊപ്പം രണ്ടു നേരമുള്ള കുടുംബപ്രാർത്ഥന ശീലമാക്കുവാൻ കുട്ടികളെ ഉപദേശിക്കണം. എഫേസ്യർ 6: 1,2,3 വാക്യങ്ങളിൽ പറയുന്ന പ്രകാരം കുഞ്ഞുങ്ങൾ മാതാപിതാക്കന്മാരെ അനുസരിച്ചും ബഹുമാനിച്ചും ജീവിതത്തിൽ മൂല്യങ്ങൾ ഉള്ളവരായി വളർന്നു വരുവാൻ വേണ്ട ഉപദേശം അദ്ധ്യാപകർ നൽകുവാൻ മറക്കരുത്. അദ്ധ്യാപകർ ബഹു വികാരിയുടേയും, ഹെഡ്മാസ്റ്ററുടെ നിർദ്ദേശങ്ങൾക്കു വിധേയമായി പ്രവർത്തിക്കേണ്ടതാണ്.
7. 18 വയസ്സിൽ താഴെയുള്ള ഇടവകയിലെ എല്ലാ കുട്ടികളും സൺഡേസ്കൂളിൽ പഠിക്കുവാൻ ബഹു. വികാരിയുടെ നേതൃത്വത്തിൽ ഹെഡ്മാസ്റ്ററും അദ്ധ്യാപകരും സൺഡേസ്കൂൾ കമ്മറ്റിയും പരിശ്രമിക്കേണ്ടതാണ്. ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഈ കാര്യം നമ്മുടെ പള്ളികളിൽ വിളിച്ചു പറയുവാൻ ബഹു.വൈദീകരെ ഹെഡ്മാസ്റ്റർമാർ ഓർമ്മപ്പെടുത്തണം.
8. ഇടവകയിൽപ്പെട്ട ഭവനങ്ങളിൽ മരണം ഉണ്ടാകുമ്പോൾ അവിടെ സൺഡേസ്കൂൾ അദ്ധ്യാപകരുടെ സജീവ സാന്നിദ്ധ്യവും സഹായ സഹകരണവും ഉണ്ടാകണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.
9. 2022 ൽ 50 വർഷം സേവനം പൂർത്തിയാക്കിയ സൺഡേസ്കൂൾ അദ്ധ്യാപകരുടെ പേരുവിവരം ഫോട്ടോ സഹിതം 2023 ഫെബ്രുവരി 28-ാം തീയതിക്കകമായി കേന്ദ്രഓഫീസിൽ എത്തിക്കുവാൻ ബന്ധപ്പെട്ട പ്രവർത്തകരെ പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. (അപേക്ഷാ ഫോറം വെബ്സൈറ്റിൽ നിന്നോ/ ഭദ്രാസന ഡയറക്ടറിൽ നിന്നോ ലഭ്യമാക്കാവുന്നതാണ്.)
10. 2022-ൽ നമ്മെ വിട്ടു കർതൃസന്നിധിയിലേയ്ക്ക് എടുക്കപ്പെട്ട അദ്ധ്യാപകരുടേയും കുട്ടികളുടേയും പേരുവിവരം 2023 മാർച്ച് 31-ാം തീയതിക്കകമായി കേന്ദ്ര ഓഫീസിൽ അറിയിക്കണം എന്ന് ഓർമ്മപ്പെടുത്തുന്നു.
11. ബസ്റ്റ് സൺഡേസ്കൂൾ പ്രൊഫോർമ ഭദ്രാസനത്തിൽ നിന്നും കേന്ദ്രഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി 2023 ഏപ്രിൽ 10 ആണെന്ന് ഓർമ്മിക്കുമല്ലോ. (പ്രൊഫോർമ വെബ്സൈറ്റിൽ നിന്നോ/ഭദ്രാസന ഡയറക്ടറിൽ നിന്നോ ലഭ്യമാക്കാവുന്നതാണ്.)

**1. സൺഡേസ്കൂൾ അദ്ധ്യായനവർഷം - 2023 :** കോവിഡിനുശേഷം കഴിഞ്ഞ ഒരു വർഷം നമ്മുടെ പ്രവർത്തനങ്ങൾ വിജയകരമാക്കുവാൻ എല്ലാ പ്രവർ ത്തകരുടെയും കൂട്ടായ പ്രർത്തനങ്ങളാൽ സാധ്യമായി. 2023 വർഷം ജനുവരി 8-ാം തീയതി ഞായറാഴ്ച സൺഡേ സ്കൂൾ ക്ലാസ്സുകൾ ആരംഭിക്കേണ്ടതാണ്. ഒന്നാം ക്ലാസിലും, വിവിധകാരണങ്ങളാൽ പഠനം മുടങ്ങിയിട്ടുള്ള കുട്ടികളെ മുതിർന്ന ക്ലാസ്സുകളിലും ചേർത്ത് പഠിപ്പിക്കുന്നതിൽ ഹെഡ്മാസ്റ്റർമാർ ശ്രദ്ധിക്കുമല്ലൊ. ബഹു.വികാരിയുടേയും സഹഅദ്ധ്യാപകരുടേയും സഹകരണം ഇതിലുണ്ടാകുവാൻ ഹെഡ്മാസ്റ്റർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**2. കുട്ടികളുടേയും, അദ്ധ്യാപകരുടേയും ഹാജർ നിലവാരം :** സൺഡേസ്കൂളുകളിൽ അദ്ധ്യാപകരുടെയും കുട്ടികളുടെയും ഹാജർ നിലവാരം വളരെ കുറവുള്ളതായി കാണുന്നു. കഴിഞ്ഞ വർഷം 50% -ൽ കുറവു ഹാജരുള്ള അദ്ധ്യാപകരെ ഒഴിവാക്കി പുതിയ അദ്ധ്യാപകരെ കണ്ടെത്തേ ണ്ടതാണ് അദ്ധാപകരുടെ ഹാജർ നിലവാരം വർദ്ധിക്കുന്നതിലൂടെ കുട്ടികളുടെ ഹാജർ നിലവാരവും വർദ്ധിപ്പിക്കുവാൻ സാധിക്കും. അതോടൊപ്പം ഒരു അദ്ധ്യാപകൻ മറ്റൊരു സൺഡേസ്കൂളിലെ അദ്ധ്യാപകൻ ആകുന്ന പക്ഷം അദ്ദേഹത്തിന്റെ മുൻകാല സർവ്വീസ് വിവരങ്ങൾ ഹെഡ്മാസ്റ്റർ, മുൻ ഹെഡ്മാസ്റ്ററിൽ നിന്നോ ബഹു. വികാരിയിൽ നിന്നോ എഴുതി വാങ്ങി സൂക്ഷിക്കേണ്ടതാണ്.

ഇടവകയിൽ സൺഡേസ്കൂളിൽ പഠിക്കുവാനുള്ള മുഴുവൻ കുഞ്ഞുങ്ങളേയും കണ്ടെത്തി സൺഡേസ്കൂളിലേക്കു കൊണ്ടു വരണം. ഇതു സംബന്ധിച്ചുള്ള ശ്രേഷ്ഠ ബാവായുടെ കൽപന ശ്രദ്ധിക്കേണ്ടതാണ്. സൺഡേസ്കൂൾ പ്രവർത്തകർ ഇക്കാര്യത്തിൽ ഏറെ ശ്രദ്ധിക്കണമെന്നു അറിയിക്കുന്നു.

**3. ബാലസമാജങ്ങൾ :** എല്ലാ സൺഡേസ്കൂളുകളിലും കുട്ടികൾക്കായി ബാലസമാജങ്ങൾ രൂപികരിക്കേണ്ടതും ജനുവരി മാസാവസാന ഞായറാഴ്ച ആദ്യസമ്മേളനം ചേർന്നു ഭാരവാഹികളെ തെരഞ്ഞെടുത്തു പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുമാണ്.

**4. അഖില മലങ്കര വിദ്യാർത്ഥിക്യാമ്പ് :** ശതാബ്ദിയുടെ ഭാഗമായി 2023 ജനുവരി 14,15 (ശനി, ഞായർ) തീയതികളിൽ 2022 ൽ 10,11,12 ക്ലാസ്സുകളിൽ പഠിച്ചിരുന്ന കുട്ടികൾക്കായി ഒരു ദ്വിദിനക്യാമ്പ് കോതമംഗലം ചെറിയ പള്ളിവക നെല്ലിമറ്റത്തുള്ള MBITS എഞ്ചിനീയറിംഗ് കോളേജിൽ വച്ച് നടത്തുന്നു. കുട്ടികൾ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 250 പേർക്കായി ക്യാമ്പ് നിജപ്പെടുത്തിയിട്ടുള്ളതാണ്. രജിസ്ട്രേഷൻ ഫീസ് 100/-കയാണ്. 2022 ഡിസംബർ 31 ന് മുമ്പായി എം.ജെ.എസ്.എസ്.എ. ഓഫീസുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ നടത്തേണ്ടതാണ്. Ph. 8078157150.

**5. അദ്ധ്യാപക യോഗങ്ങൾ :** വർഷാരംഭത്തിനു മുന്നേ തന്നെ സൺഡേസ്കൂൾ ഹെഡ്മാസ്റ്റർമാർ അദ്ധ്യാപക യോഗങ്ങൾ ഭരണഘടന വകുപ്പ് 15 മുതൽ 22 വരെയുള്ള നിർദ്ദേശങ്ങൾക്കനുസൃതമായി വിളിച്ചു ചേർത്ത് തീരുമാനങ്ങൾ എടുത്തു പ്രവർത്തിക്കേണ്ടതാണ്. ഡിസ്ട്രിക്റ്റ് ഭദ്രാസന ഭാരവാഹികൾ ഇക്കാര്യങ്ങൾ പരിശോധിച്ച് ഉറപ്പുവരു ത്തേണ്ടതുമാണ്.

**6. വർഷാരംഭസ്റ്റേറ്റുമെന്റ് /വോട്ടർ പട്ടിക:-** 2023 തെരഞ്ഞെടുപ്പു വർഷമാണെന്നറിയാമല്ലൊ. തെരഞ്ഞെടുപ്പു നടപടി ചട്ടങ്ങൾ വകുപ്പു 5 പ്രകാരം വോട്ടർ പട്ടികയിൽ പേരുള്ളവർക്കു മാത്രമേ ഭാരവാഹികളായി മൽസരിക്കുവാനും, വോട്ടു ചെയ്യുവാനും കഴിയു. വർഷാരംഭ സ്റ്റേറ്റുമെന്റ് 4 പകർപ്പുകൾ ഇതോടൊപ്പം അയക്കുന്നു. അവയിൽ 3 പകർപ്പുകൾ ഹെഡ്മാസ്റ്റർ മാർ ജനുവരി 31 നകം ഇൻസ്പെക്ടർമാർക്ക് നൽകേണ്ടതും ഇൻസ്പെക്ടർമാർ അവ പരിശോധിച്ച് ഫെബ്രുവരി 15 നകം 2 പകർ പ്പുകൾ ഡയറക്ടർമാർക്ക് നൽകേണ്ടതും ഡയറക്ടർമാർ അവ വീണ്ടും പരിശോധിച്ച് ജനറൽ സെക്രട്ടറിക്ക് ഫെബ്രുവരി 28 നകം ഒരു കോപ്പി ലഭിക്കത്തക്കവണ്ണം അയച്ചിരിക്കണം. മാത്രവുമല്ല അതാതു ഭദ്രാസനങ്ങളിൽ നിന്നു എം.ജെ.എസ്.എസ്.എ. യുടെ വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കുവാനും വോട്ടുകൾ രേഖപ്പെടുത്തുവാനും അർഹതയുള്ള അംഗങ്ങളുടെ ഭദ്രാസന പൊതുയോഗം അംഗീകരിച്ച ലിസ്റ്റ് 2023 മെയ് 10-ാം തീയതിക്കകം ജനറൽ സെക്രട്ടറിക്കു ലഭിച്ചിരിക്കേണ്ടതുമാണ്. തെരഞ്ഞടുപ്പു സംബന്ധിച്ചുള്ള ഭരണഘടന, ചട്ടങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ കൃത്യമായി പാലിച്ചു മാത്രമേ പ്രവർത്തിക്കുവാൻ കഴിയൂ എന്നറിയാമല്ലോ. അതിനാൽ ഭാരവാഹികൾ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം എന്ന കാര്യം ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുന്നു.

**7. പാഠപുസ്തകങ്ങൾ :** പുതിയ അദ്ധ്യയന വർഷത്തേക്കാവശ്യമായ പാഠപുസ്തകങ്ങൾ അസ്സോസിയേഷനിൽ നിന്നും ലഭ്യമാണ്. പേപ്പർ വിലയിലും, പ്രിന്റിംഗ് ചിലവിലും വന്നിട്ടുള്ള വർദ്ധനവിന്റെ അടിസ്ഥാനത്തിൽ പുസ്തക വിലയിൽ നേരിയ വർദ്ധനവു വരുത്തുവാൻ എം.ജെ.എസ്.എസ്.എ നിർബന്ധിതമായിരിക്കുകയാണ്. പേപ്പർ വിലയിൽ 70% വർദ്ധന വാണ് വന്നിട്ടുള്ളത്. ആയതിനാൽ ക്ലാസ്സ് 1 മുതൽ 6 വരെയുള്ള പാഠപുസ്തകങ്ങൾക്കു 90/-ക യും, 7 മുതൽ 12 വരെ 50/-ക യും ആണ് കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള വില എന്നറിയിക്കുന്നു.

**8. പെന്തിക്കോസ്തികാണിക്ക :** M.J.S.S.A. യുടെ പ്രവർത്തനങ്ങൾക്കായുള്ള പ്രധാന ധനാഗമന മാർഗ്ഗമാണല്ലോ പെന്തിക്കോസ്തികാണിക്ക. ആയത് കൃത്യമായി ഈ വർഷവും സമാഹരിക്കുന്നതിൽ എല്ലാ ഭാരവാഹികളും ഹെഡ്മാസ്റ്റർമാരും പ്രത്യേകം ശ്രദ്ധിക്കണമെന്നറിയിക്കുന്നു.

**9. ആത്മദീപം :** ആത്മദീപം മാസികയുടെ വരിക്കാരുടെ എണ്ണം ഏറെ കുറഞ്ഞിരിക്കുന്നു. ആയത് വർദ്ധിപ്പിക്കുന്ന പ്രചരണപരിപാടികൾ ജനുവരി മുതൽ മാർച്ച് വരെയുള്ള മാസങ്ങളിൽ സൺഡേസ്കൂളുകളിൽ നടത്തണം. ഒന്നാം ക്ലാസ്സിൽ ചേർക്കുന്ന മുഴുവൻ കുട്ടികളുടെയും ഭവനങ്ങളിൽ നിർബന്ധമായും ആത്മദീപം മാസിക ഉണ്ടാകുവാൻ ശ്രദ്ധിക്കണം. അതോടൊപ്പം എല്ലാ അദ്ധ്യാപകരും, മാസികയുടെ വരിക്കാരാകണം എന്നും അറിയിക്കുന്നു. സൺഡേസ്കൂൾ തലങ്ങളിൽ ഓർഗനൈസർമാരെ തിരഞ്ഞെടുത്ത് ഹെഡ്മാസ്റ്റർമാരുടെയും അദ്ധ്യാപകരുടേയും സഹകരണത്തോടെ മാർച്ച് 31 നകം പരമാവധി വരിക്കാരെ ചേർക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം. ആയതിന്റെ പ്രോഗ്രസ് റിപ്പോർട്ടുകൾ ഓരോ മാസത്തിലും ഡി. ഇൻസ്പെക്ടർമാർ ജനറൽ സെക്രട്ടറിക്ക് അയച്ച് തരണം. പേപ്പർ വിലയിലും പ്രിന്റിംഗ് ഇനത്തിലും വലിയ വർദ്ധനവ് വന്നിട്ടുള്ളതിനാൽ ആത്മദീപത്തിന്റെ വരിസംഖ്യാ നിരക്ക് പ്രതി

വർഷം 150/- ക, മൂന്ന് വർഷം 350/- ക, പതിനഞ്ച് വർഷം 1500/- ക, വിദേശം 1500/-ക എന്നിങ്ങനെ 2023 ജനുവരി 1 മുതൽ വർദ്ധിപ്പിക്കുന്ന വിവരം അറിയിക്കുന്നു. പ്രചരണ പരിപാടികളുടെ ഭാഗമായി ഡിസ്ട്രിക്റ്റ്, ഭദ്രാസന തലങ്ങളിൽ ഓർഗനൈസർമാരുടെ യോഗങ്ങൾ വിളിച്ചുചേർത്ത് തീരുമാനങ്ങൾ എടുത്ത് പ്രവർത്തിക്കേണ്ടതാണ്.

**10. M.J.S.S.A ക്യാമ്പ് സൈറ്റിനുള്ള അദ്ധ്യാപകരുടെ സാമ്പത്തിക പങ്കാളിത്തം :** ക്യാമ്പ് സൈറ്റിന്റെ ബാക്കി തീരുവാനുള്ള നിർമ്മാണപ്രവർത്തനങ്ങൾക്കും, പഴയ കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾക്കുമായി ഇനി ഏകദേശം 50 ലക്ഷം ക വേണ്ടി വരുമെന്ന് കണക്കാക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ 2023 ഫെബ്രുവരി 15 നകം പൂർത്തിയാക്കുവാൻ ആവശ്യമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്. പണികൾ നടന്നുകൊണ്ടിരിക്കുന്നു. എല്ലാവരുടേയും ആത്മാർത്ഥമായ സഹകരണം ഉണ്ടാകണമെന്നറിയിക്കുന്നു.

ഈ മഹാപ്രസ്ഥാനത്തിൽ നിസ്വാർത്ഥമായി സേവനം അനുഷ്ഠിച്ചു വരുന്ന മുഴുവൻ അദ്ധ്യാപകരുടേയും പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനായി എല്ലാ അദ്ധ്യാപകരും 100/- ക വീതം സംഭാവനയായി നൽകി ഇതിൽ പങ്കാളികളാകണമെന്ന് M.J.S.S.A. കേന്ദ്ര സമിതി, ഡി. ഇൻസ്പെക്ടർമാരുടെ സമ്മേളനം എന്നിവ തീരുമാനിച്ചിട്ടുള്ളതാണ്. അതിനാൽ എല്ലാ അദ്ധ്യാപകരും 100/-ക യോ, അതിൽ കൂടുതൽ നൽകുവാൻ കഴിവുള്ളവർ അപ്രകാരവും ചെയ്യുമല്ലോ. മുഴുവൻ അദ്ധ്യാപകരും ഇതിൽ പങ്കാളികളാകണം. അപ്രകാരം സംഭാവനകൾ നൽകുന്ന അദ്ധ്യാപകരുടെ പേരുവിവരവും തുകയും കാണിക്കുന്ന സ്റ്റേറ്റ്മെന്റ് സഹിതം 2023 ഫെബ്രുവരി 28 നകം ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർമാർ M.J.S.S.A.യ്ക്ക് അയച്ചു തരേണ്ടതാണ്. തുകകൾ M.J.S.S.A.യുടെ ഫെഡറൽ ബാങ്ക് പുത്തൻകുരിശ് ശാഖയിലുള്ള 12230100086304, IFSC code FDRL0001223 എന്ന എസ്.ബി. അക്കൗണ്ടിലും അടക്കാവുന്നതാണ്. ഈ കാര്യത്തിൽ ഹെഡ്മാസ്റ്റർമാരും ഡി.ഇൻസ്പെക്ടർമാരും മറ്റു ഭാരവാഹികളും ശ്രദ്ധിക്കുമല്ലോ. സംഭാവന നൽകുന്നവരുടെ മൊത്തം ലിസ്റ്റ് പ്രത്യേകം തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതാണ്.

**11. സൺഡേസ്കൂൾ ശതാബ്ദി ആഘോഷങ്ങൾ :** 1920 ൽ പരി. പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയാൽ രൂപം കൊടുത്ത സൺഡേസ്കൂൾ പ്രസ്ഥാനം ഇന്ന് ശതാബ്ദി നിറവിലാണ്. ഒരു വർഷം നീണ്ടു നിന്ന ശതാബ്ദി ആഘോഷങ്ങളുടെ സമാപന സമ്മേളനം കോവിഡ് മൂലം നടത്തുവാൻ നമുക്ക് കഴിഞ്ഞില്ല. ആയത് വടക്ക്, മദ്ധ്യം, തെക്ക്, എന്നീ മൂന്നു മേഖലകളിലായി യഥാക്രമം മീനങ്ങാടി, കോതമംഗലം, കോട്ടയം എന്നിങ്ങനെയുള്ള സ്ഥലങ്ങളിൽ പള്ളികൾ കേന്ദ്രീകരിച്ചു വളരെ വിജയകരമായി നടത്തുവാൻ നമുക്ക് കഴിഞ്ഞു. സമാപന സമ്മേളനവും ക്യാമ്പ് സൈറ്റ് കൂദാശയും ഉദ്ഘാടനവും 2023 ഫെബ്രുവരി 26 ഞായറാഴ്ച നടത്തുന്നതിനുള്ള വിപുലമായ ക്രമീകരണങ്ങൾ ചെയ്തു വരുന്നു.

**12. ശതാബ്ദി സ്മരണിക :** ശതാബ്ദിയോടനുബന്ധിച്ച് ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതാണ്. ടി സ്മരണികയ്ക്ക് ബഹു പള്ളികൾ, സൺഡേസ്കൂളുകളുകൾ, ഡിസ്ട്രിക്റ്റുകൾ, മേഖലകൾ, ഭദ്രാസനങ്ങൾ എന്നിവരുടെ പങ്കാളിത്വവും സഹകരണവും ഉണ്ടാകണം. ആയതിലേയ്ക്ക് ബഹു പള്ളി ഭാരവാഹികൾ, സൺഡേസ്കൂൾ അദ്ധ്യാപകർ, ഡിസ്ട്രിക്റ്റ് കമ്മിറ്റി, ഭദ്രാസന കമ്മിറ്റി എന്നിവരുടെ ഫോട്ടോ, മറ്റു പരസ്യങ്ങൾ എന്നിവയിലൂടെ എല്ലാവരേയും സഹകരിപ്പിക്കുവാൻ എം.ജെ.എസ്.എസ്.എ. ആഗ്രഹിക്കുന്നു. അതിലൂടെ സമാഹരിക്കുന്ന തുക ഉപയോഗിച്ച് ഇടുക്കി ഭദ്രാസനത്തിലെ പിന്നോക്കം നിൽക്കുന്ന ഒരു കുടുംബത്തിന് ഭവനം നിർമ്മിച്ചു നൽകുന്നതിന് ആഗ്രഹിക്കുന്നു. പരസ്യ നിരക്കുകൾ: ബാക്ക് കവർ 1 ലക്ഷം, ഫ്രണ്ട് ഇന്നർ 50,000/-ക , ബാക്ക് ഇന്നർ 40,000/- ക, ഫുൾപേജ് 10,000 /-ക, ഹാഫ് പേജ് 50,00/-ക, എന്നിങ്ങനെയാണ് നിരക്കുകൾ, വിവാഹ വാർഷികം, മരിക്കപ്പെട്ടവരുടെ ഓർമ്മകൾ/ഫോട്ടോ എന്നിവ നൽകിയും സഹകരിക്കാവുന്നതാണ്.

**13. ജെ.എസ്.വി.ബി.എസ്. :** മുൻ വർഷങ്ങളിലേതുപോലെ ഈ വർഷവും ജെ.എസ്.വി.ബി.എസ്. മദ്ധ്യവേനൽ അവധിക്കാലത്തു നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. ഈ വർഷത്തെ ചിന്താവിഷയം : **"നിങ്ങൾ എനിക്ക് സാക്ഷികളാകും" പ്രക്സിസ് 1:8 ("You will be my Witnesses")** എന്നതാണ്. വിബിഎസ് ഗാനങ്ങൾ എഴുതുവാൻ താത്പര്യമുള്ളവർ ജനുവരി 15 നകം എഴുതി എം.ജെ.എസ്.എസ്.എയിലേയ്ക്ക് അയക്കേണ്ടതാണ്.

**14. ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് :** 2023 വർഷം തിരഞ്ഞെടുപ്പ് വർഷം ആണെന്ന് അറിയാമല്ലോ. ബൈലാ വകുപ്പ് 26,27,28,29,29 a,99 എന്നിവ അനുസരിച്ച് ഡിസ്ട്രിക്റ്റ് തിരഞ്ഞെടുപ്പുകൾ 2023 ഫെബ്രുവരി 28 നകവും ഭദ്രാസന/ മേഖല തിരഞ്ഞെടുപ്പുകൾ ബൈലാ വകുപ്പ് 36,37,38,39,40,43,45,50,99, എന്നിവ അനുസരിച്ച് 2023 ഏപ്രിൽ 30 നകവും നടത്തേണ്ടതാണ്. ഡിസ്ട്രിക്റ്റ് തിരഞ്ഞെടുപ്പുകൾ ബൈല 27 പ്രകാരം ഡയറക്ടർമാരുടെ ചുമതലയിൽ നടത്തപ്പെടേണ്ടതാണ്.

**15. വാർഷിക പരീക്ഷ :** പത്താം ക്ലാസ്സിലേയും പന്ത്രണ്ടാം ക്ലാസ്സിലേയും ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്തി റിസൽട്ട് 2023 ജനുവരിയിൽ പ്രസിദ്ധീകരിക്കുന്നതിന് ആഗ്രഹിക്കുന്നു. ഉത്തരക്കടലാസുകൾ റീവാല്യൂ ചെയ്യുന്നതിന് 100 രൂപാ ഫീസടച്ച് ഹെഡ്മാസ്റ്റർ വഴി കുട്ടിയുടെ അപേക്ഷ ജനുവരി 25-ാം തീയതിക്കകമായി കേന്ദ്ര ഓഫീസിൽ ലഭിക്കേണ്ടതാണ്. 2023 വർഷത്തെ 10,11,12 ക്ലാസുകളിലെ കുട്ടികളുടെ രജിസ്ട്രേഷൻ ഓൺലൈനിൽ രജിസ്റ്റർ ചെയ്യാവുന്നതുമാണ്. 2023 ജൂലൈ 31 നു മുമ്പ് കുട്ടികളുടെ രജിസ്ട്രേഷൻ നടത്തിയിരിക്കേണ്ടതാണ്. പരീക്ഷാസ്റ്റേറ്റുമെന്റുകൾ യഥാസമയം തന്നെ കൃത്യമായി M.J.S.S.A.യിൽ ലഭിക്കുവാൻ ഹെഡ്മാസ്റ്റർമാർ ശ്രദ്ധിക്കേണ്ടതും ഇൻസ്പെക്ടർമാർ കേന്ദ്രഓഫീസിൽ യഥാസമയം തന്നെ എത്തിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഇപ്രകാരം ചെയ്യാതെ വരികയോ, തെറ്റായ തരത്തിൽ സ്റ്റേറ്റുമെന്റുകൾ സമർപ്പിക്കുകയോ ചെയ്യുന്നതായാൽ അപ്രകാരമുള്ള കുട്ടികൾക്കു പരീക്ഷ എഴുതുവാൻ സാധിക്കുകയില്ലെന്നറിയിക്കുന്നു.

**16. XI-ാം ക്ലാസ്സിലെ ഉത്തരകടലാസ് :**

ഡിസ്ട്രിക്റ്റ് തലത്തിൽ മൂല്യനിർണ്ണയം നടത്തി പ്രൊമോഷൻ കൊടുക്കേണ്ടതും തന്നിരിക്കുന്ന രജിസ്റ്റർ നമ്പറിട്ട എ ലിസ്റ്റിൽ മാർക്ക് രേഖപ്പെടുത്തി 2023 ജനുവരി 10 നകം ഇൻസ്പെക്ടർമാർ കേന്ദ്രഓഫീസിൽ നിർബന്ധമായും തിരിച്ചേൽപ്പിക്കേണ്ടതുമാണ്. അപ്രകാരം ലഭിക്കാതിരുന്നാൽ XII-ാം ക്ലാസിലെ പരീക്ഷയ്ക്ക് എഴുതുവാൻ

കുട്ടികൾക്ക് സാധിക്കാതെ വരും. XI-ാം ക്ലാസ് പാസ്സാകാത്തവരെ XII-ാം ക്ലാസ്സിൽ ചേർന്നു പഠിക്കുന്നതിനോ +2 പരീക്ഷ എഴുതുന്നതിനോ അനുവദിക്കുകയില്ല. പത്താം ക്ലാസിൽ പരീക്ഷയ്ക്ക് പേര് രജിസ്റ്റർ ചെയ്തിട്ട് പരീക്ഷയ്ക്ക് ഹാജരാകാതിരിക്കുകയോ പരീക്ഷ പാസാകാതിരിക്കുകയോ ചെയ്യുന്ന കുട്ടികൾ തുടർന്ന് റഗുലർ സ്റ്റുഡന്റ്സ് ആയിരിക്കുന്നതല്ല. പ്രൈവറ്റ് സ്റ്റുഡന്റ് ആയി ജെ.എസ്.എസ്.എൽ.സി. പരീക്ഷ എഴുതാവുന്ന അവർക്ക്, 18 വയസ്സ് നിബന്ധന ബാധകമായിരിക്കുകയില്ല.

**17. പ്ലസ് 2 കോഴ്സ്:** പ്ലസ് 1, പ്ലസ് 2 ക്ലാസ്സുകൾ വിജയകരമായി നടന്നുവരുന്നതിൽ നമുക്ക് അഭിമാനിക്കാം. ടി കോഴ്സ് ആരംഭിക്കാത്ത സൺഡേസ്കൂളുകളിൽ ഈ വർഷം മുതൽ ക്ലാസ്സുകൾ ആരംഭിക്കുവാൻ ഉത്സാഹിക്കണം. അദ്ധ്യാപകർ പാഠഭാഗങ്ങൾ പഠിച്ച് പ്രാർത്ഥിച്ച് ഒരുങ്ങുമല്ലോ. 10-ാം ക്ലാസിനു ശേഷം കുട്ടികൾ തുടർ വിദ്യാഭ്യാസത്തിനു താത്പര്യം കാണിക്കുന്നില്ലെന്ന് മനസ്സിലാക്കുന്നു. ഇക്കാര്യത്തിൽ ഇടവക വികാരി, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർമാർ എന്നിവർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**18. വാർഷിക പിരിവ് :** സൺഡേസ്കൂൾ അസ്സോസിയേഷൻ ഫണ്ടായി അടച്ചു വരുന്ന 200/- ക. യ്ക്ക് പുറമെ അദ്ധ്യാപകരുടെ പെൻഷൻ പദ്ധതിയ്ക്കായി ഓരോ സ്കൂളുകളും 200/- ക. വിഹിതമായി അടച്ചിരിക്കണം. ഇതിനും പുറമെ പെൻഷൻ ഫണ്ടിലേയ്ക്ക് സൺഡേസ്കൂൾ അദ്ധ്യാപകർ, രക്ഷിതാക്കൾ, ഇടവക പള്ളികൾ, സൺഡേസ്കൂളുകൾ, മറ്റ് അഭ്യുദയകാംഷികൾ എന്നിവരിൽ നിന്നും ഈ പദ്ധതിയിൽ തുകകൾ സംഭാവനയായി നൽകാവുന്നതാണ്.

**19. അദ്ധ്യാപക പെൻഷൻ:** അദ്ധ്യാപകർക്കുള്ള പെൻഷൻ പദ്ധതി സംബന്ധിച്ച് മാനുവലിൽ പ്രതിപാദിച്ചിട്ടുണ്ട്. ആയതുപ്രകാരമുള്ള അപേക്ഷകൾ ജനറൽ സെക്രട്ടറിക്കു അയക്കാവുന്നതാണ്. നാളിതുവരെ ലഭിച്ച അപേക്ഷ പ്രകാരം അർഹരായ മുഴുവൻ അദ്ധ്യാപകർക്കും പ്രതിമാസ പെൻഷൻ അനുവദിക്കുവാൻ സാധിച്ചിട്ടുണ്ട്. പെൻഷൻ അനുവദിക്കുന്ന അദ്ധ്യാപകർ തൊട്ടടുത്ത ഫെഡറൽ ബാങ്ക് ബ്രാഞ്ചിൽ എസ്.ബി. നിക്ഷേപ കണക്ക് ആരംഭിക്കുന്നത് കൂടുതൽ സൗകര്യപ്രദമായിരിക്കും.

**20. ചാരിറ്റി പ്രവർത്തനങ്ങൾ:** M.J.S.S.A.യുടെ ചാരിറ്റിപ്രവർത്തനങ്ങൾ കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ കൂടുതലായി നിവർത്തിക്കുവാൻ കഴിയുന്നില്ല. നാളിതുവരെ നാൽപതോളം വിദ്യാർത്ഥികൾക്കായി ഉപരിപഠനത്തിനു സഹായം നൽകുവാൻ കഴിഞ്ഞു. അതോടൊപ്പം M.J.S.S.A.യിൽ അപേക്ഷകൾ സമർപ്പിച്ച മുഴുവൻ അദ്ധ്യാപകർക്കും മാസം തോറും പെൻഷനും നൽകി വരുന്നു. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഏകദേശം 1 കോടിയോളം വരുന്ന തുകയാണ് M.J.S.S.A. ഇത്തരത്തിൽ സാമ്പത്തിക സഹായമായി നൽകിയിട്ടുള്ളത്.

ഉന്നതവിദ്യാഭ്യാസത്തിനായി ഇപ്രകാരം സഹായം നൽകിയിട്ടുള്ള വിദ്യാർത്ഥികളിൽ നിന്നും മറ്റൊരു കുട്ടിയെ ഇത്തരത്തിൽ സഹായിക്കുന്നതിനായി സാമ്പത്തിക സഹായം നൽകണമെന്നാവശ്യപ്പെടുകയും, അവരെ വിവരം അറിയിക്കുകയും നേരിട്ടു കോൺടാക്റ്റ് ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. ഓരോ സൺഡേസ്കൂളിലും ഇപ്രകാരം സഹായം ലഭിച്ചിട്ടുള്ളവരെ ഹെഡ്മാസ്റ്റമാർ ബന്ധപ്പെട്ടു മറ്റൊരു കുട്ടിയെ സഹായിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിക്കുകയും ചെയ്യുന്നു. തവണകളായി തന്ന് സഹായിക്കാവുന്നതുമാണ്. പലരും അപ്രകാരം M.J.S.S.A. യെ സഹായിച്ചു വരുന്നത് നന്ദിയോടെ സ്മരിക്കുന്നു.

**21. അഖില മലങ്കര സുവിശേഷ മഹായോഗം:** ഡിസംബർ 26 മുതൽ 31 വരെ നടക്കുന്ന അഖില മലങ്കര സുവിശേഷ മഹായോഗത്തിൽ സൺഡേസ്കൂൾ അദ്ധ്യാപക വിദ്യാർത്ഥി രക്ഷാകർത്യ സംഗമം 31 ന് ക്രമീകരിച്ചിരിക്കുന്ന വിവരം ഇതിനകം അറിഞ്ഞിരിക്കുമല്ലോ. 31 വൈകിട്ട് 3 മുതൽ 5 വരെ നടക്കുന്ന പ്രസ്തുത സംഗമം വിജയകരമാക്കുവാൻ എല്ലാവരും പ്രത്യേകം ശ്രദ്ധിക്കണമെന്നും അറിയിക്കുന്നു. ഓരോ സൺഡേസ്കൂളിൽ നിന്നും പരമാവധി പങ്കാളിത്തം ഉണ്ടാകണം. ആയത് ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർമാർ ഭദ്രാസന ഡയറക്ടർമാർ എന്നിവർ ഉറപ്പുവരുത്തുകയും വേണം. അന്നേ ദിവസം അഖില മലങ്കര ഉപന്യാസ മത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ നൽകുന്നതുമാണ്.

പുതിയ അദ്ധ്യയന വർഷം ദൈവാശ്രയത്തോടെ നമുക്ക് ആരംഭിക്കാം. സർവ്വവിധ മഹാമാരികളിൽ നിന്നും, ദൈവകോപത്തിൽ നിന്നും മോചനം ലഭിക്കുവാൻ നമുക്ക് ദൈവത്തോട് ഒരുമയോടെ പ്രാർത്ഥിക്കാം. എല്ലാവിധ അനുഗ്രഹങ്ങളും സർവ്വശക്തനായ ദൈവം തമ്പുരാൻ പ്രദാനം ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

എന്ന്

സ്നേഹാദരങ്ങളോടെ

കർത്താവിൽ എളിയ ശുശ്രൂഷകൻ

**ഷെവ. എം.ജെ.മർക്കോസ്**

**ജനറൽ സെക്രട്ടറി**

**MOB: 9745046911, 8073580719**